**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **2462/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം 19.09.2018**

---

പരാമർശം :- 1. 29.01.2018 ലെ സ.ഉ (എം.എസ്) നം. 11/2018/ ത.സ്വ.ഭ.വ
2. 02.02.2018 ലെ സ.ഉ (എം.എസ്) നം. 17/2018/ ത.സ്വ.ഭ.വ
3. 14.02.2018 ലെ സ.ഉ (എം.എസ്) നം. 22/2018/ ത.സ്വ.ഭ.വ

**<u>ഉത്തരവ്</u>**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. ഈ സാമ്പത്തിക വർഷാവസാനം പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാൻ സാധ്യതയുണ്ട് എന്നതുകൊണ്ട് 2018 ഡിസംബർ മാസം അവസാനത്തോടുകൂടി പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമത്തെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം പതിമൂന്നാം പദ്ധതിക്കാലത്തേക്ക് പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലോ സബ്സിഡി മാർഗരേഖയിലോ വലിയ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കുന്നു. താഴെത്തട്ടിൽ നിന്നും സൂചിപ്പിച്ച ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും മാത്രം ശ്രമിക്കുന്നതാണ്. ഇത്തരത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ടും പദ്ധതി രൂപീകരണത്തിന്റെ സമയക്രമം നിശ്ചയിച്ചുകൊണ്ടും വൈകാതെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എന്നാൽ, അതിനു മുൻപു തന്നെ പുതിയ വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് സെപ്റ്റംബർ 28-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ 'ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന മേഖലയ്ക്ക് എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റും (നഗരസഭകളിൽ ചെയർ പേഴ്സൺ/മേയർ) കൺവീനർ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ആയിരിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും കോർപ്പറേഷനുകളിൽ നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും വേണം വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പിൽ, ബന്ധപ്പെട്ട മേഖലകളിൽ പരിചയവും പ്രാവീണ്യവുമുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ജൈവവൈവിദ്ധ്യ പരിപാലന കമ്മിറ്റിയിലെയും ദുരന്തനിവാരണ സമിതിയിലെയും അംഗങ്ങളുടെ പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകണം. അതുപോലെ മഹാപ്രളയം അതിജീവിക്കുന്നതിന് സ്വമേധയാ സേവനം നൽകാൻ സന്നദ്ധരായ യുവാക്കൾ അടക്കമുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) പുതിയ വാർഷിക പദ്ധതിയെ (2019-20) പറ്റിയുള്ള ചർച്ചയ്ക്ക് തുടക്കം കുറിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ രണ്ടാം തീയതി ഗാന്ധിജയന്തി ദിനത്തിൽ ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർക്കേണ്ടതാണ്. ഈ യോഗത്തിൽ 2018-19 ലെ

പദ്ധതി നടത്തിപ്പിന്റെ പുരോഗതിയും, പ്രളയംമൂലം ഉണ്ടായ നഷ്ടത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒപ്പം, 2018-19 വാർഷിക പദ്ധതിയിൽ സർക്കാർ അനുവദിച്ച പ്രകാരം വരുത്തിയ മാറ്റങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയം, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അടുത്ത വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ചർച്ച നടത്തുകയും വേണം. പദ്ധതി രൂപീകരണത്തിനുള്ള ഗ്രാമ/വാർഡ് സഭകൾ ജനപങ്കാളിത്തത്തോടെ നവംബർ പകുതിക്ക് മുമ്പായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കേണ്ട കർമ്മപരിപാടി യോഗത്തിൽ ആവിഷ്കരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4) കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan-GPDP) എന്ന പേരിൽ വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു എന്നത് കേരളത്തിന് അഭിമാനകരമായ ഒരു കാര്യമാണ്. കേന്ദ്ര സർക്കാർ ജനകീയാസൂത്രണം എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പദ്ധതി ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്ഥിതി വിവരക്കണക്കുകളും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിവരശേഖരണ സംവിധാനത്തിന് നൽകണം. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ-നിർവഹണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സംബന്ധിച്ച് നാം നൽകുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകളെ കേന്ദ്ര സർക്കാർ റാങ്ക് ചെയ്യുന്നതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മൊബൈൽ ആപ്ലിക്കേഷനിലേക്ക് ഡാറ്റാ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമാക്കിക്കൊണ്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഭരണ സമിതികളെയും ഇതിന് ചുമതലപ്പെടുത്തിക്കൊണ്ടുമുള്ള ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്.

5. പദ്ധതി ആസൂത്രണം സംബന്ധിച്ച് കേരളത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയ്ക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ തന്നെ കേന്ദ്ര ഗവൺമെന്റിന്റെ 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയുമായി' ബന്ധപ്പെട്ട വിവരശേഖരണ സംവിധാനത്തിലേക്ക് നൽകാവുന്നതാണ്. ഇതിന് സുലേഖ സോഫ്റ്റ് വെയറിൽ നിന്നും കേന്ദ്ര സർക്കാരിന്റെ പ്ലാൻ പ്ലസ് സോഫ്റ്റ് വെയറിലേക്ക് വിവര കൈമാറ്റം സാധ്യമാക്കുന്നതിനുള്ള സംവിധാനം പ്രാവർത്തികമാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
മെമ്പർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഗവ.സെക്രട്ടറിയേറ്റ്
ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി)

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

12